# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1880** | **25-03-2013-ൽ മറുപടിയ്ക്ക്**

## ബൈക്ക് റേസിംഗ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം ഉമ്മർ** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് വർദ്ധിച്ച വരുന്ന വാഹന അപകടങ്ങൾ തടയുന്നതിന് സ്വീകരിച്ച നപടി വിശദമാക്കുമോ; | (എ) നിരന്തരം വാഹന പരിശോധനയും സ്പീഡ് റഡാർ ഉപയോഗിച്ചുള്ള പരിശോധനയും ആൾക്കോമീറ്റർ ഉപയോഗിച്ച് മദ്യപിച്ച് വാഹനം ഓടിക്കുന്നവരെ കണ്ടെത്തിയും തിരക്കേറിയ സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും ട്രാഫിക് നിയമ ലംഘനങ്ങൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമെ ഡ്രൈവർമാർക്കും പൊതു ജനങ്ങൾക്കും സ്കൂൾ കുട്ടികൾക്കും വിവിധ മാധ്യമങ്ങളുടെ സഹായത്തോടെയും അല്ലാതെയും ആവശ്യമായ ബോധവൽക്കരണം നൽകി വരുന്നു. കൂടാതെ റോഡുകളിൽ ട്രാഫിക് സൈൻ ബോർഡുകളും മറ്റും സ്ഥാപിച്ച് അപകട മുന്നറിയിപ്പുകൾ നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ജനങ്ങളിൽ പരിഭ്രാന്തി പരത്തിക്കൊണ്ട് പ്രധാന റോഡുകളിൽ നടക്കുന്ന ബൈക്ക് റേസിംഗ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. തിരുവനന്തപുരം സിറ്റി ജില്ലയിൽ ഇത്തരത്തിൽ അപകടകരമായി ബൈക്ക് റേസിംഗ് നടത്തിയവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും എം.വി ആക്ട് പ്രകാരവും കേസ് രജിസ്റ്റർ ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. |
| (സി) | ഇത് ഫലപ്രദമായി തടയുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; ഇതിനായി പോലീസ് പട്രോളിംഗ് ശക്തമാക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | എല്ലാ പ്രധാന റോഡുകളിലും ബൈക്ക് റേസിംഗ് നടത്താൻ സാധ്യതയുള്ള റോഡുകളിലും ഡ്യൂട്ടിക്കായി പോലീസുദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ കൺട്രോൾ റൂമിന്റെ സഹായത്തോടെ ക്യാമറ ദൃശ്യങ്ങൾ പരിശോധിച്ച് ഇത്തരക്കാരെ കണ്ടുപിടിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. ഈ റോഡുകളിൽ പോലീസ് പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ